വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ

49 [2658] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, രാജു എബ്രഹാം:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) ഏതുവർഷം വരെയുള്ള നികുതി അസസ്മെന്റാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അസസ്മെന്റ് പൂർത്തിയാക്കാത്തതിന്റെ പേരിൽ പ്രസ്തുത നികുതി കുടിശ്ശിക വേണ്ടെന്നു വച്ചിട്ടുണ്ടോ;

(ഡി) 1999-2000 മുതൽ 2005-2006 വരെയുള്ള നികുതി കുടിശ്ശിക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേരിൽ നിന്നും എന്തു തുക നികുതി കുടിശ്ശികയായി ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇതിൽ അസസ്മെന്റ് പൂർത്തിയാക്കി എത്ര പേർക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് പറയാമോ;

(എഫ്) നികുതി കുടിശ്ശിക കണക്കാക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിൽപ്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.

2. കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കി കിട്ടുന്നതിനായി പ്രത്യേക ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണർ (ലോ)-ടെ കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

4. നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രത്യേക 'സെറ്റിൽമെന്റ് സ്കീം' കൊണ്ടുവരികയും തൽഫലമായി 23.15 കോടിയുടെ കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ ആൻഡ് എഫ്) വിവരം ശേഖരിച്ചുവരുന്നു.

സബ്സിഡി ലഭ്യമായ പദ്ധതികൾക്കുള്ള ബാങ്കുവായ്പ

50 [2659] ശ്രീ. ഇ. എം. അഗസ്തി:
,, കെ. സുധാകരൻ:
,, എം. എം. ഹസ്സൻ:
പ്രൊഫ: എം. ഡി. മുസ്തഫ:

ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളിൽ ഏതിനെല്ലാമാണ് സബ്സിഡി നൽകുന്നത്;

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി സഹിതമുള്ള പദ്ധതികൾക്ക് വേണ്ടി വായ്പ ആവശ്യപ്പെട്ട് ബാങ്കുകളെ സമീപിക്കുമ്പോൾ അവ വായ്പ നിഷേധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ സബ്സിഡിയുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും, അവയ്ക്ക് ലോൺ നൽകണമെന്നും ബാങ്കുകളെ അറിയിക്കാറുണ്ടോ ഇല്ലെങ്കിൽ, അപ്രകാരം അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

കഴക്കൂട്ടത്ത് ചെറുകിട ജലസേചന പദ്ധതി

51 [2660] ശ്രീ. എം. എ. വാഹിദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 വർഷത്തിൽ ഏതെങ്കിലും ചെറുകിട ജലസേചന പദ്ധതികൾ കഴക്കൂട്ടം സബ്ഡിവിഷനിൽ നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതികളുടെ പേരും ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുകയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആൻഡ് ബി) 2005-06 വർഷത്തിൽ അംഗീകാരം കൊടുത്ത മൂന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. അവ ചുവടെ ചേർക്കുന്നു:

(1) വെള്ളപ്പൊക്കനിയന്ത്രണം:—അണ്ടൂർകോണം പഞ്ചായത്തിൽ പവർഗ്രിഡ് കോർപ്പറേഷൻ കോമ്പൗണ്ടിന്റെ കിഴക്കുവശത്തുള്ള അലവൻകരി കീഴ്കരി ഏലായിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള സംരക്ഷണപ്പണികൾ—4 ലക്ഷം രൂപ.

(2) പദ്ധതി സംരക്ഷണം:—അണ്ടൂർകോണം പഞ്ചായത്തിൽ പറമ്പിൽ പാലം വാർഡിൽ നെടുമ്പാക്കൽ തോടിന്റെ പുനരുദ്ധാരണപണികൾ—3 ലക്ഷം രൂപ.

(3) പദ്ധതി സംരക്ഷണം:—പോത്തൻകോട് പഞ്ചായത്തിൽ പുളിവീട് വാർഡിലെ കരൂർ കുളത്തിന്റെ പുനരുദ്ധാരണപണികൾ—3 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly